# ക്രിസ്തീയ ജീവിതത്തിലെ മൂന്ന് ഘട്ടങ്ങൾ

സാക് പുന്നൻ

WFTW 01 മെയ് 2016

1 യോഹന്നാൻ 2:12-14ൽ യോഹന്നാൻ ക്രിസ്തീയ ജീവിതത്തിലെ മൂന്ന് ഘട്ടങ്ങളേക്കുറിച്ച് എഴുതിയിരിക്കുന്നു : ആത്മീയ ശൈശവം, ആത്മീയയൗവ്വനം പിന്നീട്, ആത്മീയപക്വത.

തങ്ങളുടെ പാപക്ഷമയെക്കുറിച്ചും, ദൈവം അവരുടെ പിതാവായി തീർന്നിരിക്കുന്നു എന്നതിനെക്കുറിച്ചും മാത്രം അറിവുള്ളവരാണ് ശിശുക്കൾ. ഈ രണ്ട് കാര്യങ്ങൾ ക്രിസ്തുവിലുള്ള എല്ലാ ശിശുക്കളും അറിഞ്ഞിരിക്കണം. ഇതാണ് ക്രിസ്തീയ ജീവിതത്തിൻറെ അടിത്തറയും തുടക്കവും. ഈ വ്യക്തമായ അടിസ്ഥാനത്തിൽ തുടങ്ങിയില്ലെങ്കിൽ നിങ്ങൾക്ക് വളരുവാൻ സാധ്യമല്ല. നാം ശക്തരാകുവാനും സാത്താനെ ജയിക്കുവാനും തക്കവണ്ണം നമ്മുടെ ഹൃദയത്തിൽ സ്ഥിരമായി വസിക്കുന്ന ദൈവവചനമുണ്ടാരിക്കേണ്ടത് എങ്ങനെ എന്ന് നാം പഠിക്കുമ്പോഴാണ് പക്വതയുടെ അടുത്ത ഘട്ടമാകുന്നത് (2:13,14). അവിടെ നിന്ന് നാം വളർന്ന് മറ്റുള്ളവർക്ക് ആത്മീയ പിതാക്കന്മാർ ആയിത്തീരണം. അങ്ങനെ അവർക്ക് ദൈവത്തെയും അവിടുത്തെ വഴികളെയും ഏറ്റവും അടുത്തറിയാം അത് അവിടുത്തെ അവരുടെ പിതാവായി മാത്രം അറിയുന്നതിനേക്കാൾ അധികമായുള്ളതാണ്. നിങ്ങൾ പക്വതയുള്ളവരായി തീരുമ്പോൾ, നിങ്ങൾ ദൈവത്തെ വ്യക്തിപരമായി അറിയും, അവിടുത്തെ മൂല്യങ്ങൾ അവിടുന്ന് പ്രവർത്തിക്കുന്നതിന് ആധാരമായിരിക്കുന്ന തത്വങ്ങൾ മുതലായവ മനസ്സിലാക്കും. അങ്ങനെയുള്ള പിതാക്കന്മാർക്ക് മറ്റുള്ള വിശ്വാസികളെ നയിക്കുവാൻ കഴിയും ഇന്ന് നമ്മുടെ സഭകളിലുള്ള ഈ സമയത്തെ ഏറ്റവും വലിയ ആവശ്യവും ഇതു തന്നെയാണ്.

പാപക്ഷമയെക്കുറിച്ചും, തങ്ങളുടെ എല്ലാ ഭൗതിക ആവശ്യങ്ങൾക്കുവേണ്ടിയും കരുതുന്ന എത്ര നല്ല പിതാവാണ് ദൈവം എന്നതിനേക്കുറിച്ചും, എങ്ങനെ അവരുടെ രോഗങ്ങളെ സൗഖ്യമാക്കുന്നു എന്നതിനേക്കുറിച്ചും, അവർക്കുവേണ്ടി അവിടുന്ന് എല്ലാം നൽകുന്ന വിധങ്ങളേക്കുറിച്ചും മാത്രം സംസാരിക്കുന്നവർ ശിശുക്കളാണ്. 'അമ്മ, അപ്പ' എന്നു മാത്രം പറഞ്ഞുകൊണ്ടിരിക്കുന്ന ശിശുക്കളേപ്പോലെയാണ് അവർ. നാം എല്ലാവരും തുടങ്ങുന്നത് ഇവിടെയാണ്. എന്നാൽ ആ സ്ഥിതിയിൽ നിലകൊള്ളരുത്. നാം വളർന്ന് സാത്താനോട് പോരാടുന്നത് എങ്ങനെ ആണെന്ന് പഠിക്കണം. അനന്തരം നാം അതിനുമപ്പുറം പോകേണ്ടിയിരിക്കുന്നു. നാം ദൈവത്തെ അടുത്തറിയുന്നതിനായി മുമ്പോട്ടു പോകണം. ഇതാണ് എല്ലാറ്റിനേക്കാളും വലിയ കാര്യം. അപ്പോൾ സഭയിലുള്ള അനേകർക്ക് ഒരു പിതാവെന്ന നിലയിൽ ഒരു അനുഗ്രഹമായിരിക്കാൻ കഴിയും.

പക്വതയുടെ ഈ വ്യത്യസ്ത നിലകളിലുള്ള എല്ലാ വിശ്വാസികൾക്കും യോഹന്നാൻ ഒരു പ്രബോധനം നൽകുന്നത് : 'ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കരുത്' (2:15). ആത്മീയ പിതാക്കന്മാർക്കും ലോകത്തെ സ്നേഹിക്കരുത് എന്ന ഒരു പ്രബോധനം ആവശ്യമാണോ ? അതെ. ലോകത്തിലുള്ള ഏറ്റവും പക്വമതിയായ ഒരു ക്രിസ്ത്യാനി പോലും, ഏതു സമയത്തും ലോകത്തെ സ്നേഹിക്കാനുള്ള അപകടത്തിലാണ്. അതുകൊണ്ട് അദ്ദേഹത്തിനുപോലും 'ലോകത്തെ സ്നേഹിക്കരുത്. നിങ്ങൾ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് പിതാവിനെ സ്നേഹിക്കാൻ കഴിയുകയില്ല' എന്ന പ്രബോധനംവശ്യമാണ്.

യോഹന്നാൻ 'ലോകം' എന്ന് വിളിക്കുന്നതിനെ രൂപവൽക്കരിക്കുന്ന മൂന്നു കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ഒന്ന് : ജഡമോഹം ലൈംഗിക അഭിനിവേശം, അതിഭക്ഷണം, അലസത;

രണ്ട് : കൺമോഹം  നാം കാണുന്ന ഓരോ കാര്യങ്ങളും വാങ്ങിക്കുവാനുള്ള ആഗ്രഹം, പണസ്നേഹത്തോട് ബന്ധപ്പെട്ടിരിക്കുന്നവ; മൂന്ന് : നിഗളം  എല്ലാറ്റിനെക്കാൾ വലിയ പാപം. ഈ കാര്യങ്ങളിൽ ഏതിനെ എങ്കിലും സ്നേഹിക്കുന്ന ഏതൊരാൾക്കും പിതാവിനെ സ്നേഹിക്കാൻ കഴിയുകയില്ല. എന്നാൽ ഇവയെല്ലാ കാര്യങ്ങളും ഈ ലോകവും വളരെ പെട്ടെന്നു ഒഴിഞ്ഞുപോകും. പിതാവിൻറെ ഇഷ്ടം ചെയ്യുന്ന ഒരുവൻ മാത്രം എന്നേക്കും നിലനിൽക്കും (2:17). ഇതെല്ലായ്പ്പോഴും നമ്മുടെ മനസ്സിൽ നാം വഹിക്കേണ്ടിയ ഒരു കാര്യമാണ്.